## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1729**

**05.12.2014 - ൽ മറുപടിക്ക്**

### കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ ശാക്തീകരണം

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.ജോസഫ് വാഴയ്ക്കൻ

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**എ)** കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശാക്തീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

**എ)** കൃഷി ഫാമുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി താഴെ പ്പറയുന്ന കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

1. ഫാമുകളുടെഅടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പരിപാടികൾ എന്നിവ നടന്നുവരുന്നു.
2. ജലസേചനം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
3. ഫാമുകളിൽ നിലവിലുള്ള ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
4. കൃഷി ഫാമുകളിൽ ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതു വഴി ജൈവവളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക.
5. ശാക്തീകരണത്തിലും ആധുനിക വൽക്കരണത്തിലും, സൗന്ദര്യവൽക്കരണത്തിലും ഫാമുകളുടെ ഇടയിൽ മൽസരബുദ്ധി ഉളവാക്കുന്നതിനു കാര്യക്ഷമവും ഉല്പാദന മേഖലയിൽ മികവും കാട്ടുന്ന ഫാമുകൾക്ക് സമ്മാനം ഏർപ്പെടുത്തിയിട്ടുണ്ട്.
6. ജില്ലാഫാം ഉപദേശകസമിതിയിൽ ജില്ലാ പഞ്ചായത്ത് മെമ്പർമാരെയും ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ചിട്ടുണ്ട്.
7. ജൈവകൃഷിക്ക് പ്രാധാന്യം നൽകികൊണ്ടുള്ള കൃഷി രീതി ഫാമുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.
8. നടീൽ വസ്തുക്കളുടെ ഉത്പാദനത്തിൽ (പഴവർഗ്ഗങ്ങളുടെ ഗ്രാഫ്റ്റ്, ലെയറുകൾ, തൈകൾ, പച്ചക്കറി തൈകൾ, കുറിയ ഇനം തെങ്ങിൻ തൈകൾ, ടിഷ്യൂ കൾച്ചർ തൈകൾ) ഗണ്യമായ വർദ്ധന വരുത്തുന്നത് ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**ബി)** ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഫാമുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

**ബി)** കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നടത്തുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ജലസേചനം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങളായ ലേബർ പടി, വിപണന കൗണ്ടർ കൾർട്ട്വേ്സ്, cattle shed എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമുള്ള ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്. Capital outlay, RKVY, RIDF എന്നിവയിൽ ഈ വർഷം തുക അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | ശാക്തീകരണത്തിന്റെ ഭാഗമായി ഫാമുകൾ തമ്മിൽ സൗന്ദര്യവൽക്കരണത്തിലും പ്രവർത്തനത്തിലും മത്സരം ഉണ്ടാക്കിയെടുക്കാൻ സമ്മാനപദ്ധതി ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | സി) | ഫാമുകളുടെ ശാക്തീകരണത്തിലും ആധുനികവൽക്കരണത്തിലും സൗന്ദര്യവൽക്കരണത്തിലും ഫാമുകളുടെ ഇടയിൽ മൽസരബുദ്ധി ഉളവാക്കുന്നതിന് കാര്യക്ഷമവും ഉല്പാദന മേഖലയിൽ മികവും കാട്ടുന്ന ഫാമുകൾക്ക് സമ്മാനപദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഒന്നാം സമ്മാനമായി 15 ലക്ഷം രൂപയും, രണ്ടാം സമ്മാനമായി 10 ലക്ഷം രൂപയും മൂന്നാം സമ്മാനമായി 5 ലക്ഷം രൂപയുമാണ് നൽകുന്നത്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ